പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1427** — **08.02.2013 - ൽ മറുപടിക്ക്**

## ദേശീയ പാതകൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി. ഡി. സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, ഡൊമനിക് പ്രസന്റേഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ദേശീയ പാതകൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾക്ക് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ദേശീയപാത 17 ന്റെയും 47 ന്റെയും തലപ്പാടി മുതൽ കേരള തമിഴ്നാട് അതിർത്തിവരെയുള്ള ഭാഗങ്ങളുടെ സ്ഥലമെടുപ്പിനായി എൻ.എച്ച്.എ.ഐ. നേരത്തെ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനം Denova ആയതിനാൽ പുനർ വിജ്ഞാപനം നടത്തുകയും സ്ഥലമെടുപ്പിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. സ്ഥലമെടുപ്പ് മൂലം പദ്ധതി ബാധിതർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുവാൻ ഉദാരമായ ഒരു പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനു വേണ്ടി സാധാരണഗതിയിൽ എൻ.എച്ച്.എ.ഐ.യ്ക്ക് അയച്ചുകൊടുക്കുകയാണ് പതിവ് . എന്നിരുന്നാലും ഇതു സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനായി |

| | | | |
|---|---|---|---|
| (സി) | സ്ഥലമെടുപ്പ് പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | | 16.01.2013 - ലെ സ.ഉ.(സാധാ) നം.76/2013/പൊമവ പ്രകാരം പ്രോജക്ട് ഡയറക്ടർ, കെ.എസ്.റ്റി.പി. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ദേശീയ പാതകൾക്ക് ഇപ്പോഴുള്ള വീതി എത്രയെന്ന് അറിയിക്കുമോ? | (ഡി) | ദേശീയപാതയായ 17 ലും 47 ലും നിലവിൽ 85% ഭാഗങ്ങളിലും 30 മീറ്റർ വീതിയിലുള്ള റൈറ്റ് ഓഫ് വേ (ROW) ഉം ബാക്കിയുള്ളടത്ത് അതിൽ കുറവും ആണ് നിലവിൽഉള്ളത്. മറ്റ് ദേശീയ പാതകളായ എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നിവയിൽ ROW 7.5 മീറ്റർ മുതൽ 35 മീറ്റർ വീതിയിലാണ് നിലവിൽ ഉള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ